# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/195/2016 പത്രക്കുറിപ്പ് 2016 സെപ്തംബർ 06

## എം.ജി. ബിരുദ ഏകജാലകം ഫൈനൽ അലോട്ട്മെന്റിന്: ഓപ്ഷൻ രജിസ്ട്രേഷൻ ഇന്ന് വൈകിട്ട് 5 മണി വരെ

എം.ജി സർവ്വകലാശാലയുടെ ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിന് രണ്ടാം ഫൈനൽ അലോട്ട്മെന്റ് നടത്തും. ഇതിനായി നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും വേണ്ടി സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്. ഓൺലൈൻ അപേക്ഷയിലെ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും, അലോടമെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഇന്ന് (സെപ്തംബർ 7) വൈകുന്നേരം 5 മണി വരെ പുതുതായി ഓപ്ഷൻ നൽകാം. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചു വയ്ക്കേതാണ്. ലോഗിൻ ചെയ്ത ശേഷം നേരത്തെ നൽകിയ അപേക്ഷയിൽ വന്ന തെറ്റുകൾ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. രണ്ടാം ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകണം. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണം. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രണ്ടാം ഫൈനൽ അലോട്ട്മെന്റിന്റെ ഒന്നാം അലോട്ട്മെന്റ് ലിസ്റ്റ് സെപ്തംബർ 8ന് പ്രസിദ്ധീകരിക്കുന്നതും, അലോട്ട്മെന്റ് ലഭിക്കുന്നവർ സെപ്തംബർ 9-നകം ബന്ധപ്പെട്ട കോളജുകളിൽ പ്രവേശനം നേടേണ്ടതുമാണ്. രണ്ടാം ഫൈനൽ അലോട്ട്മെന്റിന്റെ ഒന്നാം അലോട്ട്മെന്റ് ലിസ്റ്റ് വഴി പ്രവേശനം നേടിയിട്ടുള്ളവരെ ഒഴിവാക്കി സെപ്തംബർ 19ന് രണ്ടാം അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. ഓരോ അലോട്ട്മെന്റുകളിലും പ്രവേശനം നേടിയവർ ബന്ധപ്പെട്ട കോളജുകളിൽ പ്രവേശനം നേടാത്ത പക്ഷം അത്തരം അപേക്ഷകരെ തുടർ അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. സെപ്തംബർ 22ന് പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതും ആയതിന് ശേഷം പ്രവേശനം അനുവദിക്കുന്നതുമല്ല.

കേരള സർക്കാരിന്റെയും കേരള ഹൈക്കോടതിയുടെയും നിർദ്ദേശങ്ങളനുസരിച്ച് ഇത്തവണ മുതൽ കോളജുകളിൽ സ്പോട് അലോട്ട്മെന്റനുവദിക്കുന്നതല്ല. ആയതിനാൽ യു.ജി പ്രോഗ്രാമുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഫൈനൽ അലോട്ട്മെന്റിലൂടെ ഓപ്ഷനുകൾ നൽകണം. മാനേജ്മെന്റ്/കമ്യൂണിറ്റി ക്വാട്ടാകളിലെ പ്രവേശന നടപടിക്രമങ്ങളും സെപ്തംബർ 22നകം പൂർത്തീകരിക്കണം.

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ ഒന്നും മൂന്നും സെമസ്റ്റർ എൽ.എൽ.എം ഡിഗ്രി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 18, 26 തീയതികൾ മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 19 വരെയും 50 രൂപ പിഴയോടെ 20 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും സ്വീകരിക്കും.

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ ബി.എസ്.സി സുവോളജി (2011, 2012 അഡ്മിഷൻ – സപ്ലിമെന്ററി) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷകൾ സെപ്തംബർ 8ന് രാവിലെ 9.30 മുതൽ കോട്ടയം സി.എം.എസ് കോളജിൽ വച്ച് നടത്തും.

## ഡെസർട്ടേഷൻ ഇവാലുവേഷനും, വൈവാ വോസിയും

2016 ജൂൺ/ജൂലൈ മാസങ്ങളിലായി നടന്ന നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി മേഴ്സി ചാൻസ് (റഗുലർ/സപ്ലിമെന്ററി/പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി) പരീക്ഷയുടെ ഡെസർട്ടേഷൻ ഇവാലുവേഷനും, വൈവാ വോസിയും സെപ്തംബർ 19 മുതൽ വിവിധ കോളജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും. കോതമംഗലം എം.എ കോളജിലെ കുട്ടികൾ വലയഞ്ചിറങ്ങര എസ്.എസ്.വി കോളജിലും, നെടുങ്കണ്ടം എം.ഇ.എസ് കോളജിലെ കുട്ടികൾ കോട്ടയം സി.എം.എസ് കോളജിലും വൈവാ പരീക്ഷയ്ക്ക് ഹാജരാകണം.

## പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും

നാലാം സെമസ്റ്റർ എം.എ മലയാളം (സി.എസ്.എസ് – 2014 അഡ്മിഷൻ റഗുലർ, 2012 ആന്റ് 2013 അഡ്മിഷൻ –സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും, മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ (പ്രൈവറ്റ്– റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയുടെ വൈവാ വോസിയും സെപ്തംബർ 20 മുതൽ വിവിധ കോളജുകളിൽ നടത്തും. ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളജിലെ വിദ്യാർത്ഥികൾ കുറവിലങ്ങാട് ദേവമാതാ കോളജിൽ പരീക്ഷയ്ക്ക് ഹാജരാകണം.

## പരീക്ഷാ ഫലം

2015 സെപ്തംബർ മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി കംപ്യൂട്ടർ സയൻസ് (നോൺ സി.എസ്.എസ് – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്തംബർ 23 വരെ സ്വീകരിക്കും.

2016 മാർച്ച് മാസം എറണാകുളം ഗവ. ലോ കോളജിലും, തൊടുപുഴ അൽ–അസ്ഹർ ലോ കോളജിലും നടത്തിയ രണ്ടും നാലും സെമസ്റ്റർ എൽ.എൽ.എം ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. അഞ്ജു ക്ലീറ്റസ് (1043/1500), അശ്വനി ഉജ്വൽ (1038/1500), മരിയ ജോസഫ് (1003/1500) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്തംബർ 22 വരെ സ്വീകരിക്കും.

2016 ഫെബ്രുവരി മാസം  കോട്ടയം സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തിയ ഒന്നാം സെമസ്റ്റർ ത്രിവൽസര എൽ.എൽ.ബി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്തംബർ 17 വരെ സ്വീകരിക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)